# സ്വിസ്സ് കേരള വനിത ഫോറത്തിനു നവ സാരഥികൾ.

മണ്ണിൽ പെണ്ണായി പിറന്നാൽ പീഡനങ്ങൾ ഏറേ. സ്ത്രീജന്മം പുണ്യജന്മമെന്നു പാടുന്നവർ തന്നെ സ്രീയെ കണ്ണുനീർത്തുള്ളിയോട് ഉപമിക്കുന്നു. സ്ത്രീകളോടുള്ള സമൂഹത്തിൻ്റെ സമീപനം മേൽ പറഞ്ഞപോലെ വൈരുദ്ധ്യാത്മകമാണ്. നമ്മുടെ ഭരണ ഘടന എഴുതിയുണ്ടാക്കിയ ഡോ: അംബേദ്കർ പറഞ്ഞത് 'സ്ത്രീകൾ കൈവരിക്കുന്ന വളർച്ചയുടെ അടിസ്ഥാനത്തിൽ സമുദായത്തിൻ്റെ വളർച്ച അളക്കാം' എന്നാണ്.

വനിതകളുടെ സമുന്നതിക്കും, ശ്രേയസ്സിനും, ഐശ്വര്യത്തിനും വേണ്ടിയുള്ള അഭിവാഞ്ഛയിൽ കരിവളയിട്ട കൈകൾ കൈകോർത്തപ്പോൾ രൂപംകൊണ്ട സ്വതന്ത്ര വനിതാ പ്രസ്ഥാനമാണ്, സ്വിസ്സ് കേരള വനിതാ ഫോറം. 2018-2019 വർഷങ്ങളിൽ ഫോറത്തിൻ്റെ തേരു തെളിക്കുന്ന തേരാളികളായി

പ്രസിഡണ്ട്: ശ്രീമതി. ലീന കുളങ്ങര.

സെക്രട്ടറി: ശ്രീമതി. അനു ലിപിൻ.

ട്രഷറർ: ശ്രീമതി.ലിസ്സി കാവുങ്കൽ.

പി. ആർ. ഒ: ശ്രീമതി.ജയിൻ പറാനികുളങ്ങര

പ്രോഗ്രാം കോർഡിനേറ്റേഴ്സ്: ശ്രീമതി.ആനി മരിയ സിറിയക്ക്, ശ്രീമതി: ദീപ മാത്യു.

എക്സിക്യൂട്ടിവ് മെമ്പേഴ്സ്

ശ്രീമതി: ജസീന്ത ബാബു.

ശ്രീമതി: ലെനി ഫിലിപ്പ്.

ശ്രീമതി: റോഷൻ പുരയ്ക്കൽ.

ശ്രീമതി: പ്രിയ ജോസഫ്.

എന്നിവരെ തിരെഞ്ഞെടുത്തു.

വനിതകൾക്ക് പ്രയോജനകരമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത്, രണ്ടു വർഷം വിജയകരമായി പിന്നിട്ട, വനിതാ ഫോറത്തിൻ്റെ പ്രവർത്തനങ്ങളെ പറ്റി കൂടുതൽ അറിയുവാനും, അതിൽ ചേർന്ന് പ്രവർത്തിക്കുവാനും താല്പര്യമുള്ള വനിതകൾ സ്വിസ്സ് കേരള വനിതാ ഫോറം ഭാരവാഹികളുമായി ബന്ധപ്പെടുക.

2018 ലെ ലോകവനിതാ ദിനത്തിൽ സ്വിറ്റ്സർലാഡിലുള്ള ഇതര വനിതാ പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വനിതാ ദിനം ആഘോഷമായി കൊണ്ടാടുകയെന്നതാണ് ഫോറത്തിൻ്റെ അടുത്ത ലക്ഷ്യം.







